**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 332** **03.02.2020 - ൽ മറുപടിക്ക്.**

## റേഷൻ വസ്തുക്കളുടെ ഗുണമേന്മാ പരിശോധന

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല :** | | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** റേഷൻ വസ്തുക്കളുടെ ഗുണമേന്മ ഉറപ്പ വരുത്താൻ താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിൽ റേഷൻ കടകളിലും ഗോഡൗണുകളിലും പ്രതിമാസ ഗുണമേന്മാ പരിശോധന കൃത്യമായി നടത്തണമെന്ന് കേരള റേഷനിംഗ് ഓർഡർ (കെ.ആർ.ഒ.) അനുശാസിക്കുന്നുണ്ടോ; | **(എ)** | അനുശാസിക്കുന്നുണ്ട്. |
| **(ബി)** എന്നാൽ സ്റ്റാറ്റ്യൂട്ടറി സംവിധാനത്തിനുശേഷം ഭക്ഷ്യഭദ്രത നിയമം നടപ്പാക്കിയതോടെ പ്രതിമാസപരിശോധന നടക്കാത്ത സാഹചര്യമുണ്ടോ; | **(ബി)** **യും** | ഇല്ല. ബാധകമല്ല. |
| **(സി)** ഇത് റേഷൻ വസ്തുക്കളുടെ ഗുണമേന്മയെ കാര്യമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **(സി)** **യും** | |
| **(ഡി)** പരിശോധനയും ഗുണമേന്മയും ഉറപ്പവരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന വ്യക്തമാക്കുമോ? | **(ഡി)** | ഓരോ മാസവും ജില്ലാ തലത്തിൽ നടക്കുന്ന പരിശോധനകൾ അവലോകനം ചെയ്യുന്നുണ്ട്. നിലവിലുള്ള നിർദ്ദേശങ്ങൾ പ്രകാരം പരിശോധന നടക്കാത്ത സാഹചര്യങ്ങൾ |

ഉണ്ടായാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ ഓരോ മാസത്തിലും 100% പരിശോധന നടത്തുന്നതിന് ഒരു ജില്ലയെ തെരഞ്ഞെടുക്കുന്നുണ്ട്. ആയത് പ്രകാരം പരിശോധന നടക്കുന്നുവെന്നും ഉറപ്പ് വരുത്തുന്നു.

എഫ്.സി.ഐ ക്വാളിറ്റി കൺട്രോൾ വിഭാഗം പരിശോധിച്ച ശേഷമാണ് ഭക്ഷ്യധാന്യങ്ങൾ ഗോഡൗണുകളിൽ എത്തുന്നത്. മട്ട അരി സപ്ലൈകോ ക്വാളിറ്റി അഷ്വറൻസ് ഉദ്യോഗസ്ഥർ പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തിയാണ് ഗോഡൗണുകളിൽ സൂക്ഷിക്കുന്നത്. ഗുണനിലവാരമില്ലാത്ത റേഷൻ സാധനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കാർഡുടമകൾക്ക് വിതരണം ചെയ്യരുതെന്ന് ലൈസൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ സപ്ലൈ ഓഫീസർ /താലൂക്ക് സപ്ലൈ ഓഫീസർ /റേഷനിംഗ് ഇൻസ്പെക്ടർ എന്നിവർ കൃത്യമായി പരിശോധനകൾ നടത്തി റേഷൻ കടകൾ വഴി ഗുണനിലവാരമില്ലാത്ത ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. എൻ.എഫ്.എസ്.എ ഗോഡൗണുകളിലും, റേഷൻ കടകളിൽ നിന്നും സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ First in First out തത്വം പാലിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനായി പല തലത്തിലുമുള്ള പരിശോധനകളും നടത്തുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**